**Malayala Manorama**

**19 August 2018**

**After Flood, Power Supply Disrupted**

# വെളിച്ചമില്ലാതെ ഇരട്ടി ദുരിതം

## വെള്ളമിറങ്ങുന്നതോടെ വൈദ്യുതി വിതരണം പുനഃസ്ഥാപിക്കും

സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വൈദ്യുതി വിതരണം തടസ്സപ്പെട്ടതോടെ ഇരട്ടി ദുരിതത്തിൽ ജനം വലയുന്നു. 3,300 ട്രാൻസ്ഫോമറുകൾ സുരക്ഷാ കാരണത്താൽ ഓഫാക്കിയതോടെ എറണാളം ജില്ലയിലെ പകുതിയോളം പ്രദേശങ്ങളിൽ വൈദ്യുതിയില്ല. അതേസമയം, വെള്ളം ഇറങ്ങിത്തുടങ്ങിയ പല പ്രദേശങ്ങളിലും വൈദ്യുതി വിതരണം പുനരാരംഭിച്ചിട്ടുണ്ട്. ഉപകരണങ്ങളും പ്രധാന രേഖകളും നശിച്ച സബ് സ്റ്റേഷനുകളുള്ള മേഖലകളിൽ വെള്ളമിറങ്ങിയാലും വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാൻ താമസം വന്നേക്കും.

ഇടുക്കി ജില്ലയിൽ ഹൈറേഞ്ചിൽ പലയിടത്തും വൈദ്യുതി മുടങ്ങിയിട്ട് ഒരാഴ്ചയായി. തൃശൂർ ചാലക്കുടിയിൽ വൈദ്യുതി ഇന്നലെയും പുനഃസ്ഥാപിച്ചിട്ടില്ല. തൃശൂർ നഗരത്തിലും ഇന്നലെ രാവിലെ മുതൽ ഉച്ചവരെ മരം വീണു വൈദ്യുതി മുടങ്ങിയിരുന്നു.

കോഴിക്കോട് ജില്ലയിൽ രണ്ടു സർക്കിളുകളിലായി അഞ്ഞൂറോളം വൈദ്യുതത്തൂണുകൾ മാറ്റിവയ്ക്കാനുണ്ട്. നാലു ദിവസത്തിനകം വൈദ്യുതി വിതരണം പൂർണമായും പുനഃസ്ഥാപിക്കും. കോഴിക്കോട് സർക്കിളിൽ മാവൂർ, കക്കോടി, തിരുവമ്പാടി, കൊടുവള്ളി, കൂരാച്ചുണ്ട് തുടങ്ങിയ മേഖലകളിലാണു സ്ഥിതി രൂക്ഷം. വടകര സർക്കിളിൽ തൊട്ടിൽപാലം, മേപ്പയൂർ മേഖലകളിലും വൈദ്യുതി നിലച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ മലയോരത്തും തീരദേശത്തുമുള്ള പ്രദേശങ്ങളിൽ വൈദ്യുതി പുനഃസ്ഥാപിക്കാനായില്ല. വെള്ളം പൂർണമായി ഇറങ്ങിയശേഷം ട്രാൻസ്ഫോമറുകളുടെ തകരാറു പരിഹരിച്ചും ലൈനുകൾ പുനഃസ്ഥാപിച്ചും മാത്രമേ വൈദ്യുതി പുനഃസ്ഥാപിക്കാനാവൂ. ഇതിന് ഇനിയും രണ്ടുമൂന്നു ദിവസമെങ്കിലും എടുക്കും. വയനാട്ടിൽ വൈദ്യുതി വിതരണം കാര്യമായ തടസ്സമില്ലാതെ നടക്കുന്നു. വെള്ളം കയറിയ മണിയങ്കോട് 33 കെവി സബ് സ്റ്റേഷൻ ഇന്നലെ വീണ്ടും പ്രവർത്തനമാരംഭിച്ചു.

### അവധി ഒഴിവാക്കി ജീവനക്കാർ

വൈദ്യുതി വിതരണ സംവിധാനം പൂർവസ്ഥിതിയിലാക്കാൻ വൈദ്യുതി ബോർഡ് ജീവനക്കാർ അവധി ഒഴിവാക്കി ജോലിക്കു ഹാജരാകും.യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി വിതരണം പുനഃസ്ഥാപിക്കുന്നതു സംബന്ധിച്ചു വൈദ്യുതി ബോർഡ് സിഎംഡി എൻ.എസ്.പിള്ള സംഘടനാ നേതാക്കളുടെ യോഗം വിളിച്ചു. ഇന്നു മുതൽ പ്രവർത്തനം തുടങ്ങും.

ആവശ്യമുള്ളിടത്തെല്ലാം സർവീസിൽനിന്നു വിരമിച്ചവരുടെ സേവനവും പ്രയോജനപ്പെടുത്തും. പവർ ഗ്രിഡ് കോർപറേഷൻ, തമിഴ്നാട് വൈദ്യുതി കോർപറേഷൻ, ടാറ്റാ പവർ തുടങ്ങിയ സ്ഥാപനങ്ങൾ ബോർഡിന് എല്ലാ സഹായ സഹകരണങ്ങളും നൽകും. ഉൽപാദന നഷ്ടത്തിനു പുറമേ ഏകദേശം 350 കോടി രൂപയുടെ നഷ്ടം ബോർഡിന് ഉണ്ടായിട്ടുണ്ടെന്നാണു പ്രാഥമിക കണക്ക്. പ്രളയബാധിത പ്രദേശങ്ങളിലെ സെക്ഷൻ ഓഫിസുകളിലും സബ് സ്റ്റേഷനുകളിലും മറ്റു പൊതു ഇടങ്ങളിലും പൊതുജനങ്ങൾക്കു സൗജന്യമായി മൊബൈൽ ഫോൺ ചാർജ് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തും.

### മെയിൻ സ്വിച്ച് ഓഫാക്കി വീട് വൃത്തിയാക്കുക

വെള്ളമിറങ്ങിയശേഷം തിരിച്ചെത്തുമ്പോൾ, മെയിൻ സ്വിച്ച് ഓഫ് ചെയ്തശേഷമേ വീടു വൃത്തിയാക്കാവൂ എന്നു വൈദ്യുതി ബോർഡ് അറിയിച്ചു.വീട്ടിലെ വയറിങ് സംവിധാനം, സ്വിച്ചുകൾ, പ്ലഗ് പോയിന്റുകൾ തുടങ്ങിയവ സൂക്ഷ്മമായി പരിശോധിക്കണം. കേടുപാടു കണ്ടാൽ സ്വയം നന്നാക്കാൻ ശ്രമിക്കാതെ ഇലക്ട്രീഷ്യനെ വിളിക്കണം.

മീറ്റർ ബോർഡിൽ വെള്ളം കയറിയിട്ടുണ്ടെങ്കിൽ കെഎസ്ഇബി സെക്ഷൻ ഓഫിസിൽ അറിയിക്കണം. എർത്ത് ലീക്കേജ് സർകീട്ട് ബ്രേക്കർ ഇല്ലാത്ത വീടുകളിൽ അവ സ്ഥാപിക്കുന്നതു സുരക്ഷ വർധിപ്പിക്കും. വൈദ്യുതോപകരണങ്ങൾ സുരക്ഷാപരിശോധനയ്ക്കുശേഷം മാത്രമേ വീണ്ടും ഉപയോഗിക്കാവൂ.